കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുതുപ്പാടി ഗ്രാമ പഞ്ചായത്ത് 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ്
കോഴിക്കോട് ജില്ലാ ഓഡിറ്റ്
കാര്യാലയം
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/1741/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
തീയതി.15-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

പുതുപ്പാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുതുപ്പാടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി .പി.1/1741/2017 തിയ്യതി: 15-9-2017

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 14.8.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. വിനോദ് ശ്രീധർ, | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.8.2017 മുതൽ 24.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. എസ് . സബിത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഇ .വി ഹരി | അസി. ഓഡിറ്റ് ഓഫീസർ<br>22.8.2017 മുതൽ 24.8.2017 വരെ |
| | | ശ്രീ. എം. ശ്യാംജിത്ത് | അസി. ഓഡിറ്റ് ഓഫീസർ<br>14.8.2017 മുതൽ 17.8.2017 വരെ |
| | | ശ്രീമതി. പി. ഷൈനി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സി. ഷിപിൻ പീറ്റർ | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>22.8.2017 മുതൽ 24.8.2017 വരെ |
| | | ശ്രീമതി. വി. അഖില | ഓഡിറ്റർ<br>14.8.2017 |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. അംബിക മംഗലത്ത് | 1.4.2016 മുതൽ 24.6.2016 വരെ |
| | | ശ്രീമതി. കുട്ടിയമ്മ മാണി | 25.6.2016 മുതൽ 12.7.2016 വരെ |
| | | ശ്രീ. കെ. കെ. നന്ദകുമാർ | 13.7.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | : | ശ്രീമതി. പി. രജനി | 1.4.2016മുതൽ 17.5.2016വരെ |
| | | ശ്രീ. എ. എൻ. അഭിലാഷ് | 18.5.2016മുതൽ 5.10.2016വരെ |
| | | ശ്രീ. കെ. സുലൈമാൻ | 6.10.2016മുതൽ 25.10.2016വരെ |
| | | ശ്രീ. ടി. കെ. ഫവാസ് ഷെമീം | 26.10.2016മുതൽ 25.12.2016വരെ |
| | | ശ്രീ. പി. കെ. അബ്ദുൾ ബഷീർ | 26.12.2016മുതൽ 31.1.2017വരെ |
| | | ശ്രീ. പി. പി. രാജൻ<br>ശ്രീ. ബിബിൻ ജോസഫ് | 1.2.2017 മുതൽ 14.2.2017വരെ<br>15.2.2017 മുതൽ 31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. സി. എസ്. സുബീഷ് | 1.4.2016മുതൽ 31.3.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ. എൻ. രമേഷ് | 1.4.2016മുതൽ 31.3.2017വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ. ടി. കെ. മത്തായി | 1.4.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | | ശ്രീ. വിനു ചന്ദ്രബോസ് | 1.4.2016മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ. എം. ഡി. ജോസഫ്<br>ഡോ. ഇ. കെ. പ്രീത<br>ഡോ. എം. ഡി. ജോസഫ്<br>ഡോ. കെ. അബ്ദുസ്സമദ് | 1.4.2016മുതൽ 28.9.2016<br>വരെ<br>29.9.2016 മുതൽ 1.11.2016 വരെ<br>2.11.2016 മുതൽ 10.11.2016 വരെ<br>11.11.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | | ഡോ. ടി. സുമയ്യ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | | ഡോ. മിനു ചാക്കോ | 1.4.2016മുതൽ 31.3.2017വരെ |
| വി. ഇ. ഒ (പുതുപ്പാടി )<br>വി. ഇ. ഒ (ഈങ്ങാപ്പുഴ ) | | ശ്രീ. വിനോദ് വർഗീസ്<br>ശ്രീ. പി. പി. ജിഷാർ<br>ശ്രീ. എൻ. ലിനീഷ്<br>ശ്രീ. അഭിനേഷ് കുമാർ<br>ശ്രീ. പി. പി. ജിഷാർ<br>ശ്രീ. ഉനൈസ് അലി | 1.4.2016മുതൽ 14.12.2016വരെ<br>15.12.2016മുതൽ 27.1.2017വരെ<br>28.1.2017 മുതൽ 31.3.2017 വരെ<br>1.4.2016മുതൽ 14.12.2016വരെ<br>15.12.2016മുതൽ 27.1.2017വരെ<br>28.1.2017 മുതൽ 31.3.2017 വരെ |
| ഐ. സി. ഡ്. എസ് സൂപ്പർവൈസർ | | ശ്രീമതി. സി. വി. ശാന്തമ്മ | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | | ഡോ. അബ്ബാസ്<br>ഡോ. കെ . വേണുഗോപാലൻ | 1.4.2016മുതൽ 16.11.2016 വരെ<br>17.11.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പി. രജനി | 1.4.2016 മുതൽ26.8.2016 വരെ |
| | ശ്രീ. കെ സുലൈമാൻ | 27.8.2016 മുതൽ 26.10.2016 വരെ |
| | ശ്രീ. ടി. കെ. ഫവാസ് ഷെമീം | 27.10.2016മുതൽ 26.12.2016 വരെ |
| | ശ്രീ.പി. പി. രാജൻ. | 1.2.2017മുതൽ 31.3.2017 വരെ |
| | | (27.12.2016 മുതൽ 31.1.2017 വരെ തസ്തിക ഒഴിഞ്ഞു കിടന്നു) |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം **- 1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷികകണക്കിലെ അപാകതകൾ | 2-1 |

| | | |
|---|---|---|
| 12 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതിയിനത്തിൽ നഷ്ടം | 2-2 |
| 13 | തൊഴിൽനികുതി – അപാകതകൾ | 2-3 |
| 14 | ലേലതുക പൂർണമായും അടവാക്കിയില്ല | 2-4 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- കുടിശ്ശിക ഈടാക്കിയില്ല | 2-5 |
| | ഭാഗം – 3 | |
| 16 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് – അപാകതകൾ | 3-1 |
| 17 | പദ്ധതിചെലവ് കുറയുന്നതിനാൽ ബജറ്റ് വിഹിതം നഷ്ടപ്പെടുന്നു | 3-2 |
| 18 | തൊഴിലുറപ്പ് പദ്ധതി- വാറ്റ് ഈടാക്കിയതിൽ കുറവ് | 3-3 |
| 19 | പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടർ, എ.സി. എന്നിവ വാങ്ങൽ – അപാകതകൾ | 3-4 |
| 20 | മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭിച്ചില്ല | 3-5 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകി – പ്രവൃത്തി പുരോഗതി/ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല | 3-6 |
| 22 | കാർഷിക പ്രോജക്ടുകൾ – സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിയില്ല | 3-7 |
| 23 | യൂണിഫോം, ഫുട് വെയർ അലവൻസ് | 3-8 |
| 24 | സ്ഥിരം യാത്രാബത്ത ലഭിക്കുന്നവർക്ക് വണ്ടി വാടക | 3-9 |
| 25 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-10 |
| 26 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം – പിഴ ഈടാക്കിയില്ല | 3-11 |
| 27 | കാരുണ്യ ഭവനപദ്ധതി – സർക്കാരംഗീകാരമില്ലാതെ അധികപലിശ നിരക്കിൽ വായ്പ എടുത്ത പദ്ധതിയ്ക്ക് തുക ചെലവഴിച്ചു. | 3-12 |
| 28 | പത്രപരസ്യം – ഡിസ്കൗണ്ട് അനുവദിച്ചില്ല | 3-13 |
| 29 | പെറ്റി വർക്കുകൾ – ഡി.പി.സി. അംഗീകാരമില്ല | 3-14 |
| 30 | ടെണ്ടർ ചെയ്ത ഇനം വിതരണം ചെയ്തില്ല | 3-15 |
| 31 | വിനിയോഗ സാക്ഷ്യപത്രം, രസീത് എന്നിവ ഹാജരാക്കിയില്ല | 3-16 |
| | ഭാഗം – **4** | |

| | | |
|---|---|---|
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 25.3.2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 11.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 88,72,042
വരവ് - 6,93,39,892
ആകെ - 7,82,11,934
ചെലവ് - 5,73,96,344
നീക്കിയിരിപ്പ് - 2,08,15,590

## 1-5 ഫണ്ട് വിനിയോഗം ( എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് പ്രകാരം ) | ആകെ | ചെലവ് (എ.എഫ്. എസ് പ്രകാരമുള്ള വരവും ചെലവും ) | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,92,97,821 | 1,92,97,821 | 1,60,63,480 | 3,23,34,341 | 83 |
| വികസനഫണ്ട് എസ്.സി.പി. | - | 71,59,086 | 71,59,086 | 39,97,915 | 31,61,171 | 56 |
| വികസനഫണ്ട് ടി.എസ്.പി. | - | 12,59,511 | 12,59,511 | 3,31,330 | 9,28,181 | 26 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1,10,48,208 | 1,10,48,208 | 54,09,941 | 56,38,264 | 49 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 51,61,263 | 51,61,263 | 19,88,473 | 31,72,790 | 39 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 1,08,22,411 | 1,08,22,411 | 48,51,688 | 59,70,723 | 45 |
| പെർഫോമൻസ് ഗ്രാന്റ് | - | 59,63,533 | 59,63,533 | 16,48,394 | 43,15,139 | 28 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,391 | 2,26,47,779 | 2,26,47,779 | 2,26,48,526 | 1,644 | - |
| ബി ഫണ്ട് | - | 4,65,89,120 | 4,65,89,120 | 4,65,89,120 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 263 | 102 | - | 161 | 39 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 50,35,717 | 88,86,087 | 38,50,370 | 76 |
| നികുതിയേതര വരവുകൾ | 5,97,257 | 5,68,449 | 28,808 | 5 |
| മറ്റുവരവുകൾ | 1,94,254 | 6,18,118 | 4,23,864 | 218 |
| ആകെ | 58,27,228 | 1,00,72,654 | 42,45,426 | 73 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,14,360 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 71,26,450 | 835 |
| വിധവാപെൻഷൻ | 1,91,00,680 | 1,814 |
| വാർദ്ധക്യകാലപെൻഷൻ | 1,58,99,195 | 1,662 |
| വികലാംഗപെൻഷൻ | 37,38,205 | 402 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,85,230 | 24 |
| വിവാഹ ധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.8.2017 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.5.2017 മുതൽ 31.5.2017 വരെ | 3/2017 മുതൽ 4/2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.1.2017 മുതൽ 28.1.2017 വരെ | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ. എച്ച്.ക്യൂ. VI / 8 എ – 2563 തീയതി 9.3.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ ഈയിനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) താഴെ പറയുന്ന ഡിമാന്റ് രജിസ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാനായില്ല.

എ) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

ബി) വസ്തുനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

സി) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ

3) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

4) 31.3.17ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 17 പ്രകാരം ട്രഷറി വി പി എഫ് എ 1-2 അക്കൗണ്ടിൽ 26270 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 15 പ്രകാരം കംഫർട്ട് സ്റ്റേഷൻ ഫീസ് കുടിശ്ശിക ഇനത്തിൽ 20350രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ലേലരജിസ്റ്ററിൽ വാർഷികസംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

7) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

8)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ

ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## **2-2** ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്രമീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. (വിജ്ഞാപനം ഹാജരാക്കിയിട്ടില്ല).

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്ന് 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണ്ണം(ച. മീ) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി | ഒരേ നമ്പർ നൽകിയിരുന്നെങ്കിൽ നികുതി | ഒരു കെട്ടിടത്തിന്മേൽ വന്ന നഷ്ടം |
|---|---|---|---|---|---|---|
| മൊയ്തീൻ കുട്ടി, കാസിം, പാത്തുമ്മ, കദീശ, സൈനബ, പുത്തൻകുന്നുമ്മൽ | തറനില | | | | | |
| | 17/531A | 18.1 | 40 | 869 | | |
| | 17/531B | 18.1 | 40 | 869 | | |
| | 17/531C | 18.1 | 40 | 869 | | |
| | 17/531D | 18.1 | 40 | 869 | | |
| | 17/531E | 19.7 | 40 | 946 | | |
| | ഒന്നാം നില | | | | | |
| | 17/531F | 22.6 | 40 | 1031 | | |

| | | | | | | |
|---|---|---|---|---|---|---|
| | 17/531G | 22.6 | 40 | 1031 | | |
| | 17/531H | 22.6 | 40 | 1031 | | |
| | 17/531I | 22.6 | 40 | 1031 | | |
| | 17/531J | 24.26 | 40 | 1107 | | |
| | ആകെ | 206.76 | | | | |
| | ഇളവിനും വർദ്ധനവിനും ശേഷമുള്ള നികുതി | | | 9653 | 12062 | 2409 |
| ജാഫർ.ടി.എം, തേങ്ങാമണ്ണിൽ | തറനില | | | | | |
| | 14/403C | 13.76 | 40 | 661 | | |
| | 14/403D | 13.76 | 40 | 661 | | |
| | 14/403E | 13.76 | 40 | 661 | | |
| | ഒന്നാം നില | | | | | |
| | 14/403F | 16.5 | 40 | 753 | | |
| | 14/403G | 16.5 | 40 | 753 | | |
| | 14/403H | 16.5 | 40 | 753 | | |
| | 14/403I | 16.5 | 40 | 753 | | |
| | രണ്ടാം നില | | | | | |
| | 14/403J | 16.5 | 40 | 713 | | |
| | 14/403K | 16.5 | 40 | 713 | | |
| | 14/403L | 16.5 | 40 | 713 | | |
| | 14/403M | 16.5 | 40 | 713 | | |
| | ആകെ | 173.28 | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ഇളവിനും വർദ്ധനവിനും ശേഷമുള്ള നികുതി | | | 7847 | 9803 | 1956 |
| | തറനില | | | | | |
| | 17/636A | 13.8 | 40 | 663 | | |
| | 17/636B | 13.8 | 40 | 663 | | |
| | 17/636C | 13.8 | 40 | 663 | | |
| | 17/636D | 13.8 | 40 | 663 | | |
| | | | | | | |
| | 17/636E | 14.26 | 40 | 685 | | |
| | ഒന്നാം നില | | | | | |
| ഷെരീഫ്.പി.എം, അണ്ടിത്തോട്ടത്തിൽ | 17/636F | 17.44 | 40 | 797 | | |
| | 17/636G | 17.44 | 40 | 797 | | |
| | 17/636H | 17.44 | 40 | 797 | | |
| | 17/636I | 17.44 | 40 | 797 | | |
| | 17/636J | 17.9 | 40 | 817 | | |
| | ആകെ | 157.12 | | | | |
| | ഇളവിനും വർദ്ധനവിനും ശേഷമുള്ള നികുതി | | | 7342 | 9164 | 1822 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം നിലവിൽ വന്ന ശേഷം ഗ്രാമപഞ്ചായത്തിൽ പണി പൂർത്തിയായ 100 ചതുരശ്ര മീറ്ററിലധികം തറവിസ്തീർണമുള്ള മുഴവൻ പാർപ്പിടേതര കെട്ടിടങ്ങൾക്കും നികുതി നിർണയിച്ചത് പുന:പരിശോധിച്ച് കുറവ് വന്ന നികുതി നികുതിദായകരിൽ നിന്നും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 <u>തൊഴിൽ നികുതി - അപാകതകൾ</u>

ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്ഥാപന രജിസ്റ്റർ പൂർണ്ണമല്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205ഇ(3) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. സ്ഥാപന രജിസ്റ്റർ ഉണ്ടെങ്കിലും 16-17 വർഷം സ്ഥാപന രജിസ്റ്റർ പ്രകാരം 73 സ്ഥാപനങ്ങളിൽ നിന്നാണ് തൊഴിൽ നികുതി ഈടാക്കിയത്. എന്നാൽ തൻവർഷം ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 509 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. സ്ഥാപന രജിസ്റ്റർ പൂർണമാക്കാത്തതു സംബന്ധിച്ചും ഗ്രാമപഞ്ചായത്തിലെ ആകെ വ്യാപാരികളുടെ വിശദാംശങ്ങളടങ്ങിയ പ്രത്യേക ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതു സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

2.തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. എൽ.എസ്.ജി.ഡി സെക്ഷൻ, പുതുപ്പാടി ഗ്രാമപഞ്ചായത്ത്

2. കള്ള് ഷാപ്പ് നം.5, കൈതപ്പൊയിൽ

3. കള്ള് ഷാപ്പ്, പുതുപ്പാടി

4. മർക്കസ് പബ്ലിക് സ്കൂൾ

5. ടി കെ പബ്ലിക് സ്കൂൾ, ഈങ്ങാപ്പുഴ

6. ജെ വി ക്ലിനിക് ഈങ്ങാപ്പുഴ

7. പി എച്ച് സി, പുതുപ്പാടി

8. സിനാർജിയ ഫുഡ് പ്രൊഡക്റ്റ്സ്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 3/23.8.17നം. ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 2016-17വർഷം തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 ലേല തുക പൂർണ്ണമായും അടവാക്കിയില്ല

2016-17 വർഷം അടിവാരം കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിക്കുന്നതിനുള്ള അവകാശം 30.3.16ന് നടന്ന പുനർലേലത്തിൽ കൂടുതൽ തുകയായ 31500 രൂപയ്ക്ക് വിളിച്ച മുഹമ്മദ് ഫിറോസ് ഖാൻ, കിഴക്കെ വീട്ടിൽ(വീട്), കൈതപ്പൊയിൽ എന്നവർക്ക് ലേലത്തിന് നൽകി. (ഭരണസമിതി തീരുമാനം നം.120/16 തീയതി 31.3.16). ലേലത്തുകയിൽ 16750രൂപ 31.3.2016ന് അടവാക്കിയിട്ടുണ്ട്. ബാക്കി തുക 14750രൂപ അടവാക്കാത്തതിനാൽ പലിശ ഉൾപ്പെടെ 17110രൂപ അടവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നം.എ6-1772/16 തീയതി 23.3.17 പ്രകാരം രജിസ്റ്റേർഡ് കത്ത് നൽകിയെങ്കിലും തുക അടവാക്കിയിട്ടില്ല. ഈ വിഷയം 15.4.17ലെ ഭരണസമിതിയോഗത്തിൽ അവതരിപ്പിക്കുകയും ടിയാനെതിരെ RRനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് അറിയിക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക- കുടിശ്ശിക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ കൈതപ്പൊയിൽ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 8 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചില മുറികളുടെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വാടക കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസ വാടക | അടവാക്കാത്ത കാലയളവ് | അടവാക്കേണ്ട വാടക |
|---|---|---|---|---|---|
| 1 | 3/20 C | അബ്ദുൾ ലത്തീഫ്.കെ.കെ | 3000 | 11/15 – 3/16 | 15000 |
| 2 | 3/20 J | നജ്മ.എ.കെ | 1500 | 11/16 – 3/17 | 7500 |

| | | | | | |
|---|---|---|---|---|---|
| 3 | 3/20 C | ചാലപ്പടിക്കൽ ഷമീർ | 4463 | 9/14 – 3/15 | 31241 |
| | | ആകെ | | | 53741 |

വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പേര്, നം - 178/17, കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ തുക - 1,50,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് തുക - 1,30,000/- (ബിൽ നം.9/31.03.2017)

ഗ്രാമപഞ്ചായത്ത് പരിധിയിലെ മികച്ച കുടുംബശ്രീ യൂണിറ്റുകൾക്ക് ഇൻസെന്റീവ് നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഗ്രാമപഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾ ഉള്ള അയൽക്കൂട്ടങ്ങളിൽ നിന്ന് സി.ഡി.എസ് തെരഞ്ഞെടുത്ത 26 അയൽക്കൂട്ടങ്ങൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകിയത്. പ്രൊജക്ട് പ്രകാരം താഴെ പറയുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് 5,000/- രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പ്രതീക്ഷ | 5,000 |
| 2 | തീർത്ഥ | 5,000 |
| 3 | നൻമ | 5,000 |
| 4 | സൗഭാഗ്യ | 5,000 |
| 5 | നന്ദനം | 5,000 |
| 6 | അക്ഷയ | 5,000 |
| 7 | സ്വരൂപ | 5,000 |
| 8 | മൈത്രി | 5,000 |
| 9 | വിസ്മയ | 5,000 |
| 10 | ചൈതന്യ | 5,000 |
| 11 | ഐശ്വര്യ | 5,000 |
| 12 | കരുണ | 5,000 |
| 13 | സൗപർണ്ണിക | 5,000 |
| 14 | നവീന | 5,000 |

| | | |
|---|---|---|
| 15 | അർച്ചന | 5,000 |
| 16 | സംഗമം | 5,000 |
| 17 | ഭാവന | 5,000 |
| 18 | സൂര്യ | 5,000 |
| 19 | ഗ്രീഷ്മം | 5,000 |
| 20 | കർഷകശ്രീ | 5,000 |
| 21 | സ്നേഹ | 5,000 |
| 22 | സ്തുതി | 5,000 |
| 23 | ഗ്രാമശ്രീ | 5,000 |
| 24 | ഹരിത | 5,000 |
| 25 | മിത്ര | 5,000 |
| 26 | പുഞ്ചിരി | 5,000 |
| | ആകെ | 1,30,000 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(എം.എസ്)നമ്പർ 4/16/ തസ്വഭവ തീയതി 11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ അനുബന്ധം.15 ലെ ഖണ്ഡിക 7.5 പ്രകാരം കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്/ സി.ഡി.എസ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭം പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന കുടംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത് അവർക്ക് ഫണ്ട് അനുവദിക്കുകയാണ് ചെയ്തത്. മേൽ യൂണിറ്റുകൾ ബാങ്ക് വായ്പ ലഭ്യമാക്കിയതിന്റെയോ തൊഴിൽ സംരംഭം ആരംഭിച്ചതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടത് ഗ്രാമസഭകളാണ്. ഗുണഭോക്താക്കളെ അവരുടെ അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ചുമതല ഗ്രാമസഭകൾക്കാണ്. മേൽ നിയമം വകുപ്പ് 3എ(ജെ) പ്രകാരം സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കേണ്ടതും ഗ്രാമസഭകളാണ്. എന്നാൽ മേൽ പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്തത് സി.ഡി.എസ്. ആണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/23.08.2017 നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി സമർപ്പിച്ചിട്ടില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ 1,30,000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതി ചെലവ് കുറയുന്നതിനാൽ ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുന്നു

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർക്ക് ചുമതലയുണ്ടായിരുന്ന 174 പ്രോജക്ടുകളിൽ 53 എണ്ണം മാത്രവും സെക്രട്ടറിക്ക് ചുമതലയുണ്ടായിരുന്ന 27 പ്രോജക്ടുകളിൽ 7 എണ്ണം മാത്രവുമാണ് നിർവ്വഹണം നടത്തിയത്. അസി. എഞ്ചിനീയർ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 22.67 ശതമാനം മാത്രവും സെക്രട്ടറി വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 39.67ശതമാനം മാത്രവുമാണ് ചെലവഴിച്ചത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ , പശ്ചാത്തല മേഖലാ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു. കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ, വി.ഇ.ഒ. എന്നിവരും കുറഞ്ഞ തോതിലാണ് പദ്ധതിവിഹിതം ചെലവഴിച്ചിട്ടുള്ളത്.

2016-17

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 36,68,100 | 7,08,902 | 19.32 |
| 2 | വെറ്ററിനറി സർജ്ജൻ | 4 | 1 | 19,39,500 | 94,981 | 4.89 |
| 3 | മെഡിക്കൽ ഓഫീസർ (പി. എച്ച്.സി ) | 6 | 5 | 12,24,021 | 9,40,993 | 76.87 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 2 | 2 | 2,25,000 | 2,25,000 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 1 | 1 | 3,00,000 | 3,00,000 | 100 |
| 6 | വി. ഇ. ഒ | 11 | 6 | 1,63,53,800 | 59,92,500 | 36.64 |
| 7 | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 7 | 6 | 69,36,891 | 62,39,022 | 89.93 |
| 8 | ഹെഡ് മാസ്റ്റർ | 13 | 9 | 27,14,750 | 15,54,222 | 57.25 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1 | 34,72,500 | 22,50,000 | 64.79 |
| 10 | സെക്രട്ടറി | 27 | 7 | 1,40,10,375 | 55,58,103 | 39.67 |
| 11 | അസി. സെക്രട്ടറി | 8 | 5 | 33,19,300 | 26,55,000 | 79.98 |
| 12 | അസി. എഞ്ചിനീയർ | 174 | 53 | 6,60,27,436 | 1,49,74,268 | 22.67 |

2015-16, 2016-17 വർഷങ്ങളിലെ പദ്ധതി ചെലവിന്റെ വിശദവിവരം

2015-16

| ഫണ്ട് ഇനം | മുൻബാക്കി | തൻവർഷ | ട്രാൻസ്ഫർ | ആകെ | ചെലവ് | ചെലവ് | സഞ്ചിത |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ക്രെഡിറ്റ് ചെയ്ത തുക | | (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ശതമാനം | നിധിയിലേക്ക് തിരികെ പോയ തുക |
| വികസനഫണ്ട് പൊതുവിഭാഗം | 34,70,114 | 29,76,685 | 85,75,753 | 1,50,22,552 | 1,21,28,164 | 80.73 | 28,94,388 |
| വികസനഫണ്ട് എസ്.സി.പി. | 37,22,385 | 38,89,058 | - | 76,11,443 | 45,04,150 | 59.18 | 31,07,293 |
| വികസനഫണ്ട് ടി.എസ്.പി. | 4,47,654 | 4,24,885 | - | 8,72,539 | 8,23,065 | 94.33 | 49,474 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 53,93,504 | 85,32,124 | - | 1,39,25,628 | 1,03,22,997 | 74.13 | 36,02,631 |
| പെർഫോമൻസ് ഗ്രാന്റ് | 49,59,894 | 15,20,340 | - | 64,80,234 | 46,63,879 | 71.97 | 18,16,355 |
| സംരക്ഷണഗ്രാന്റ് (റോഡ് ) | 6,36,091 | 74,25,374 | 8,22,624 | 88,84,089 | 31,34,100 | 35.28 | 57,49,989 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ് ) | 29,98,243 | 18,64,883 | - | 48,63,126 | 48,63,126 | 100 | - |

2016-17

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | - | 1,92,97,821 | 1,92,97,821 | 1,60,63,480 | 83.24 | - |
| വികസനഫണ്ട് എസ്.സി.പി. | | - | 71,59,086 | 71,59,086 | 39,97,915 | 55.84 | - |
| വികസനഫണ്ട് ടി.എസ്.പി. | | - | 12,59,511 | 12,59,511 | 3,31,330 | 26.31 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | - | 1,08,22,411 | 1,08,22,411 | 48,51,688 | 44.83 | - |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രവിഹിതം ) | | - | 44,73,951 | 44,73,951 | 16,48,394 | 36.84 | - |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാന വിഹിതം ) | | - | 14,89,582 | 14,89,582 | - | - | - |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ് ) | | - | 51,61,263 | 51,61,263 | 19,88,473 | 38.53 | - |
| സംരക്ഷണഗ്രാന്റ് (റോഡ് ) | | - | 1,10,48,208 | 1,10,48,208 | 54,09,941 | 48.97 | - |

പദ്ധതിവിഹിതം പൂർണമായും ചെലവ് ചെയ്യുന്നതിനും ബജറ്റ് വിഹിതത്തിൽ കുറവ് സംഭവിക്കാതിരിക്കാനും ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ അനിവാര്യമാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി - വാറ്റ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 8 മെറ്റീരിയൽ വർക്കുകൾക്ക്

ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരുടെ ടെണ്ടർ ഭരണസമിതി യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. (തീരുമാന നം. 29/16 തീയതി 07.02.2017). മരാമത്ത് പ്രവൃത്തികൾക്കായി സാധന സാമഗ്രികൾ വിതരണം ചെയ്തതിന് 22,27,863/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം.8 ലുള്ള ബിൽ (rule.58, K.VAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാർ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ K.VAT rules പ്രകാരം മേൽ പറഞ്ഞ സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10mm metal - 14.5%

20mm metal - 14.5%

40mm metal - 14.5%

Cement - 14.5%

M-sand - 14.5%

Quarry muck – 14.5%

Red earth - 5%

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | സാധന സാമഗ്രികളുടെ വില | ഈടാക്കിയ വാറ്റ് | ഈടാക്കേണ്ട വാറ്റ് | കുറവ് |
|---|---|---|---|---|---|
| 1 | കമ്പിക്കുന്ന് പറശ്ശേരി റോഡ് കോൺക്രീറ്റ്, ശ്രീ.അബ്ദുൾ സലീം.എം | 342089 | 13686 | 49603 | 35917 |
| 2 | ചെമ്മരപ്പറ്റ കാക്കനാട് പറശ്ശേരി റോഡ്, ശ്രീ.അബ്ദുൾ സലീം.എം | 316417 | 12656 | 45880 | 33224 |
| 3 | രണ്ടാം കൈ ചെമ്മരപ്പറ്റ റോഡ് കോൺക്രീറ്റ്, ശ്രീ.അബ്ദുൾ സലീം.എം | 337881 | 13515 | 48993 | 35478 |
| 4 | കമ്പിക്കുന്ന് പറശ്ശേരി റോഡ് കോൺക്രീറ്റ്, ശ്രീ.ടി.പി.മുഹമ്മദ് | 243059 | 9722 | 35244 | 25522 |
| 5 | ഈങ്ങാപ്പുഴ കാർഷിക വിപണനകേന്ദ്രം റോഡ്, ശ്രീ.ടി.പി.മുഹമ്മദ് | 237438 | 9497 | 11872 | 2375 |
| 6 | കണ്ണപ്പൻ കുണ്ട് ഈർച്ചത്തടം റോഡ് കോൺക്രീറ്റ്, ശ്രീ.ജേക്കബ്.എം.സി | 336951 | 13478 | 48858 | 35380 |
| 7 | കൽപ്പണിമുക്ക് റോഡ് കോൺക്രീറ്റ്, ശ്രീ.ടി.പി.മുഹമ്മദ് | 198424 | 7937 | 28771 | 20834 |
| 8 | വെസ്റ്റ് കൈതപ്പൊയിൽ പുഴക്കുന്ന് റോഡ്, ശ്രീ.ടി.പി.മുഹമ്മദ് | 215604 | 8624 | 31263 | 22639 |
| | | 22,27,863 | | | 211369 |

സാധനങ്ങൾ വിതരണം ചെയ്തതിന് 22,27,863/- രൂപ കരാറുകാർക്ക് നൽകിയെങ്കിലും ബില്ലിൽ നിന്നും 4% വാറ്റ് മാത്രം ഈടാക്കിയതിനാൽ വാറ്റ് ഇനത്തിൽ 2,11,369/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്ന് നിയമാനുസൃത വാറ്റ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 പി.എച്ച്. സിയിലേക്ക് കമ്പ്യൂട്ടർ, എ.സി എന്നിവ വാങ്ങൽ - അപാകതകൾ.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം പി.എച്ച്.സിയിലേക്ക് കമ്പ്യൂട്ടർ, എ.സി എന്നിവ വാങ്ങിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം, തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ, 107/17 | 98,800/-രൂപ | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 14/16-17, 30.3.2017 |
| പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ഫർണീച്ചർ, എ. സി. വാങ്ങൽ, 108/17 | 35,500/-രൂപ | | 13/16-17 30.3.2017 |

മേൽ വാങ്ങലുകളുമായി ബന്ധപ്പെട്ട ഫയലുകൾ, ഡിസ്പെൻസറിയിൽ നടത്തിയ പ്രാദേശിക പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ന്യൂ ഫാൽക്കൺ സിസ്റ്റംസ് , താമരശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 3 കമ്പ്യൂട്ടറുകൾ, 3 യു. പി. എസ് , ഒരു പ്രിന്റർ എന്നിവയും ഗ്രാന്റ് ഇലക്ട്രോണിക്സ്, താമരശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ബ്ലൂ സ്റ്റാർ കമ്പനിയുടെ ഒരു എ.സി, ഒരു വി.ഗാർഡ് സ്റ്റെബിലൈസർ, എ.സി സ്റ്റാൻഡ് എന്നിവയും വാങ്ങിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിനും സാധനം വാങ്ങിയതിനും പഞ്ചായത്ത് ഭരണസമിതി / പർച്ചേസ് കമ്മിറ്റി എന്നിവയുടെ അനുമതി ഇല്ല എന്നു കാണുന്നു. 08.11.2010ലെ (പി) 259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ സമാഹരിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം. "വാങ്ങേണ്ടിയിരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യുക", "നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങുക" എന്നീ നടപടിക്രമങ്ങളും, ആവശ്യമായ സ്പെസിഫിക്കേഷനും നിശ്ചയിക്കാതെയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്.
2. ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ സ്ഥിരീകരിച്ച് ഓഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേസ് ഓഫീസർ ബാധ്യസ്ഥനാണ്. എന്നാൽ മേൽ രീതിയിൽ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിബിൻ ജോസഫിന്റെ സാന്നിദ്ധ്യത്തിൽ 24.08.2017 ന് ഓഡിറ്റ് സ്ഥല പരിശോധനയിൽ നടത്തിയപ്പോൾ മേൽ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ നാളിതുവരെ സ്ഥാപിക്കാതെ, കവർ പോലും തുറക്കാത്ത അവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നതായും, ബിൽ പ്രകാരം വാങ്ങിയതായി കാണിച്ച എ.സി നാളിതു വരെ പി.എച്ച്.സി യിൽ ലഭിക്കാത്തതായും ബോദ്ധ്യപ്പെട്ടു.
4. കമ്പ്യൂട്ടറുകൾ, എ. സി എന്നിവ ഉപയോഗിക്കത്തക്ക തരത്തിൽ പി.എച്ച്.സി യിൽ വൈദ്യുതീകരണം നടത്താത്ത സാഹചര്യത്തിൽ പ്രോജക്ട് തയ്യാറാക്കി ഫണ്ട് ചെലവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.
5. സ്ഥാപനം സപ്ലൈ ചെയ്യാത്ത എ.സി ലഭിച്ചതായി കാണിച്ച്, 30.03.2017 ന് ട്രഷറിയിൽ നിന്ന് മുൻകൂറായി തുക പിൻവലിച്ച് ഒരു സ്വകാര്യ സ്ഥാപനത്തിന് നൽകിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/2016-17, 24.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപത്തിന് വിശദീകരണം ആരായുന്നതിനു ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 3-5 മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കേണ്ടിയിരുന്ന മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ഓഡിറ്റ് തീയതി വരെയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് 1

| പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ബിൽ നം., തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| വയോജന സൗഹൃദ ഗ്രാമം, 92/17 | 36,600/-രൂപ | വികസന ഫണ്ട് | ബിൽ നം. 10/16-17, 27.3.2017 |

ലഭിക്കേണ്ടിയിരുന്ന മെഡിക്കൽ ഉപകരണങ്ങൾ

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ബി. പി. അപ്പാരറ്റസ് | 8 | 1,650 | 13,200 |
| 2 | സ്റ്റെതസ്കോപ്പ് | 8 | 300 | 2,400 |
| | ഹാന്റ് ലിംഗ് ചാർജ്ജസ് - 2% | | | 312 |
| | ആകെ | | | 15,912 |

പ്രോജക്ട് 2

| പ്രോജക്ടിന്റെ പേര്, നം. | തുക | ഫണ്ട് | ചെലവ് |
|---|---|---|---|
| പാലിയേറ്റീവ് പരിചരണം, 94/17 | 2,51,913/-രൂപ | വികസന ഫണ്ട് | ബിൽ നം. 9/16-17, 27.3.2017 |

ലഭിക്കേണ്ടിയിരുന്ന മെഡിക്കൽ ഉപകരണങ്ങൾ

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ബി. പി. അപ്പാരറ്റസ് | 1 | 1,650 | 1,650 |
| 2 | സ്റ്റെതസ്കോപ്പ് | 1 | 300 | 300 |
| 3 | എയർ ബെഡ് | 12 | 2,600 | 31,200 |
| | ഹാന്റ് ലിംഗ് ചാർജ്ജസ് - 2% | | | 663 |
| | ആകെ | | | 33,813 |

ലഭിക്കേണ്ടിയിരുന്ന മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ

| ഇനം | തുക |
|---|---|
| ആകെ 57 ഇനം മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും | 1,87,451 |
| ഹാന്റ് ലിംഗ് ചാർജ്ജസ് - 2% | 3,749 |
| ആകെ | 1,91,200 |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മേൽപ്രകാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാവുന്നതു വരെ ഈയിനത്തിലുള്ള ചെലവു തുകയായ 2,40,925/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 മൊബിലൈസേഷൻ അഡ്വാൻസ് നൽകി - പ്രവൃത്തി പുരോഗതി / പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

2010-11 സാമ്പത്തിക വർഷത്തിൽ മുപ്പതേക്ര അങ്കണവാടി പ്രവൃത്തിക്കായി താഴെ പറയും പ്രകാരം കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും മേൽ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നം. / തീയതി | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| ശ്രീ. കെ. അബ്ബാസ് | മുപ്പതേക്ര അംഗനവാടി | 95/10-11 | 87,500 | - | 87,500 |

മേൽ പ്രവൃത്തിയുടെ പ്രവൃത്തി പുരോഗതി / പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2016-17, 23.08.2017 ) സെക്രട്ടറി നൽകിയ മറുപടിയിൽ അങ്കണവാടി പ്രവൃത്തി പൂർത്തീകരിച്ചുവെന്നും മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക അഡ്ജസ്റ്റ് ചെയ്യുന്ന തീയതി വരെക്ക് 18% പലിശ കൺവീനറായ ശ്രീ. കെ. അബ്ബാസിൽ നിന്നും ഈടാക്കേണ്ടതാണ്. ആയതിന് ആവശ്യമെങ്കിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കാർഷിക പ്രോജക്റ്റുകൾ - സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിയില്ല

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| | പ്രോജക്റ്റിന്റെ പേര്, നം. | തുക | ഫണ്ട് | ചെലവ് |
|---|---|---|---|---|
| 1 | നെൽകൃഷി കൂലി ചെലവ് സബ്സിഡി , 189/17 | 78,900/-രൂപ | വികസന ഫണ്ട് പൊതു വിഭാഗം | ബിൽ നം. 4/16-17, തി. 30.3.2017 |
| 2 | തെങ്ങിന് രാസ ജൈവ വളം വിതരണം, 249/17 | 4,07,099/-രൂപ | | ബിൽ നം. 1/16-17 തി. 30.3.2017 |

ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്താത്ത സബ്സിഡി തുകയുടെ വിവരം

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്, നം. | ആകെ തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക അക്കൗണ്ടിൽ എത്താത്ത ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്താത്ത സബ്സിഡി തുക |
|---|---|---|---|---|---|
| 1 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 78,900/- രൂപ | 46 | 4 | 4,800 |
| 2 | തെങ്ങിന് രാസ ജൈവ വളം വിതരണം | 4,07,099/- രൂപ | 295 | 72 | 84,830 |

മേൽ പ്രോജക്റ്റുകൾ പ്രകാരമുള്ള സബ്സിഡി ഓഡിറ്റ് കാലയളവ് വരെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിയിട്ടില്ല . ട്രഷറിയുമായി ബന്ധപ്പെട്ട് സബ്സിഡി തുക അടിയന്തിരമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 യൂണിഫോം, ഫുട്ട് വെയർ അലവൻസ്

വൗച്ചർ നം. 21601068, 30.03.2017 – 8,550/-

ഗ്രാമപഞ്ചായത്തിലെ പി.ടി.എസ്. വിഭാഗത്തിലെ 3 ജീവനക്കാർക്ക് മേൽ വിവരിച്ച വൗച്ചർ പ്രകാരം യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 20.01.2016 ലെ (പി)07/2016/ധനം. ഉത്തരവിലൂടെ സർക്കാർ ജീവനക്കാരിൽ യൂണിഫോം അലവൻസ് (അനക്സ് .XII), ഫുട്ട് വെയർ അലവൻസ് (അനക്സ്.VII) അനുവദിക്കേണ്ടവർ ആരെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിൽപെട്ടവർക്ക് യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത തരത്തിൽ ഗ്രാമപഞ്ചായത്ത് പി.ടി.എസ്. വിഭാഗക്കാർക്ക് അലവൻസ് അനുവദിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 8,550/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 സ്ഥിരം യാത്രബത്ത ലഭിക്കുന്നവർക്ക് വണ്ടി വാടക അനുവദിച്ചു.

വൌച്ചർ നം. 21600120, 13.05.2016, ചെലവ് തുക – 9,800/-

ആരോഗ്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സെന്ററുകളിൽ കുത്തിവെയ്പ്പ് നടത്തുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിലെ വിവിധ ദിവസങ്ങളിൽ വാടകയടിസ്ഥാനത്തിൽ വാഹനം ഉപയോഗിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലൂടെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ട്രിപ്പ് ഷീറ്റ് തീയ്യതി | തുക |
|---|---|---|
| 1 | 21.07.2015 | 1,500 |
| 2 | 14.07.2015 | 1,450 |
| 3 | 09.07.2015 | 1,500 |
| 4 | 04.07.2015 | 1,500 |
| 5 | 13.05.2015 | 1,500 |
| 6 | 23.05.2015 | 1,350 |
| 7 | 28.05.2015 | 1,000 |
| | | 9,800 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 181(4)(5)(6) എന്നീ ഉപവകുപ്പുകൾ പ്രകാരം പഞ്ചായത്തുകളിലേക്ക് കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും കൈമാറ്റ കാലയളവിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിരിക്കുന്നതാണ്. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് ഒപ്പം നിറവേറ്റേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾക്കു പുറമേ അവയ്ക്കു ഏൽപ്പിച്ചു കൊടുത്തിട്ടില്ലാത്ത സർക്കാർ - വകുപ്പുതല പദ്ധതികളുടേയും സ്കീമുകളുടെയും നിർവ്വഹണ ചുമതല കൂടി കൈമാറ്റിയ ഉദ്യോഗസ്ഥർ നിർവ്വഹിക്കണം. മേൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ 18.09.1995ലെ (പി)189/95 ത.സ്വ.ഭ., 23.12.1995 ലെ (പി)നം.566/95/ആ.കു.വ എന്നീ ഉത്തരവുകളിലൂടെ സർക്കാരിൽ നിക്ഷിപ്തമായിരുന്നതും ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തി വന്നതുമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അതിന്റ പ്രവർത്തനങ്ങൾക്കായിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. മേൽ വിവരിച്ച നിയമത്തിലെ വകുപ്പുകളിലോ, സർക്കാർ ഉത്തരവുകളിലോ കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ അനുവദിക്കുന്ന ശംപളാനുകൂല്യങ്ങൾക്ക് പുറമേ വണ്ടിവാടക നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം പഞ്ചായത്തുകൾക്ക് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ഡപ്യൂട്ടേഷൻ അലവൻസ് ലഭിക്കുവാനും അർഹതയുണ്ടായിരിക്കുന്നതല്ല.

09.12.2003 ലെ (പി) നമ്പർ.254/2003/എച്ച്.&.എഫ്.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് പരിധിയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതും, വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ദൈനംദിന ജോലികളിൽപെട്ടതാണ്. മേൽ പരിശോധന വിഭാഗത്തിലെ ജീവനക്കാർ, മെഡിക്കൽ ഓഫീസർ എന്നിവർക്കെല്ലാം ശമ്പളത്തോടൊപ്പം സ്ഥിരം യാത്രബത്ത ലഭിക്കുന്നതിന് അർഹരായവരുമാണ്. ആയതിനാൽ തന്നെ പ്രത്യേക അലവൻസ് പഞ്ചായത്തിൽ നിന്നും പ്രസ്തുത ജീവനക്കാർക്ക് നൽകുന്നത് മേൽ വിവരിച്ച നിയമത്തിന്റേയും, ചട്ടങ്ങളുടേയും സർക്കാർ ഉത്തരവുകളുടേയും ലംഘനമാണ്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

വൌച്ചർ നം. 21600899, 04.03.2017 – 8,750/-

ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ അങ്കണവാടി പരിസരങ്ങളിൽ കിണർ വെള്ളം ലഭിക്കുന്നതിന് ആയതിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കേരള ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ മേൽ വിവരിച്ച വൌച്ചർ മുഖേന തുക അടവാക്കിയിട്ടുണ്ട്. (കക്കാട്, നടക്കുന്ന്, കനലാട്, പറശ്ശേരി, ഏലിക്കാട് അങ്കണവാടികളിൽ). പ്രസ്തുത പ്രദേശങ്ങളിൽ പരിശോധന ഗ്രൌണ്ട് വാട്ടർ വിഭാഗം നടത്തിയ പഠന റിപ്പോർട്ട്, അങ്കണവാടികളിൽ കുടിവെള്ളമെത്തിക്കുന്നതിനായി നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 പ്രവൃത്തി പൂർത്തീകരണത്തിനു കാലതാമസം-പിഴ ഈടാക്കിയില്ല.

പ്രോജക്ട് നം – എസ് 0344/15, എസ് 0129/16(റിവൈസ്ഡ്)

അടങ്കൽ – 3,50,000/- തനതുഫണ്ട് -50,000/-
വി.ഫണ്ട് -3,00,000/-

ചെലവ് – 1,97,457/- 5/16-17/28.12.16

എം.ബുക്ക് – 91/14-15 എഗ്രിമെന്റ് നം – 96/14-15/29.12.14

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ വട്ടിമേൽ- ചുങ്കം റോഡ് നിർമ്മാണപ്രവൃത്തി 2014-15 വർഷം ടെണ്ടർ ക്ഷണിച്ച് ശ്രീ.കെ.കെ.ശശികുമാർ എന്ന കരാറുകാരന് കരാർ ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 09.10.2015 ലെ 129/10/AE LSGD നമ്പർ കത്തിൽ പ്രവൃത്തി 2015 മാർച്ച് 28 ന പൂർത്തിയാക്കേണ്ടതായിരുന്നു എന്നും ആറുമാസത്തിലധികമായിട്ടും പ്രവൃത്തി ആരംഭിയ്ക്കുകയോ, പൂർത്തിയാക്കുന്ന തിനുള്ള നടപടി സ്വീകരിയ്ക്കുകയോ ചെയ്തിട്ടില്ല എന്നും, ആറുമാസത്തിലധികം താമസിച്ചതിനു ഫൈൻ ഈടാക്കുന്നതാണ് എന്നും കോൺട്രാക്ടറെ അറിയിച്ചിട്ടുണ്ട്. എന്തുകൊണ്ട് പ്രവൃത്തി താമസിച്ചു എന്നതിനോ, ആയതിനു ചുമത്തുന്ന പിഴ ഒഴിവാക്കുന്നതിനു അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. നിലവിലെ എഞ്ചിനീയർ ഹാജരാക്കിയ 21.03.2016 ലെ കരാറുകാരന്റെ കത്തിൽ റോഡിന്റെ സംരക്ഷണഭിത്തി നിർമ്മിയ്ക്കുന്നതുമായി ബന്ധപ്പെട്ട് അതിർത്തി തർക്കങ്ങളും, രണ്ട് തെങ്ങ് ഒരു കവുങ്ങ്, എന്നിവ പിഴുത് മാറ്റേണ്ടതുമായ വിഷയങ്ങളിലുണ്ടായ അതിര് ഉടമകളുടെ പ്രശ്നങ്ങളും കൊണ്ട് പലവട്ടം പണി നിർത്തിവയ്ക്കേണ്ടി വരുകയുമുണ്ടായി എന്നും, ആയത് ഗ്രാമപഞ്ചായത്ത് മെമ്പർ ഇടപെട്ടു തീർക്കുന്നതിലുള്ള കാലതാമസവും മഴപെയ്തപ്പോൾ വയൽ സൈഡ് റോഡ് ആയതിനാൽ കരിങ്കല്ലുമായി വാഹനം പോകാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിയ്ക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് മെമ്പറുടെ റിപ്പോർട്ടോ, പിഴ ഈടാക്കുന്നിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ ചെയ്ത രേഖകളോ ഫയലിൽ ഇല്ല. മേൽ പ്രവൃത്തി ചെക്ക് മെഷർ ചെയ്തിരിയ്ക്കുന്നതും, അസിസ്റ്റൻറ് എഞ്ചിനീയർ ഒപ്പു വച്ചിരിയ്ക്കുന്നതും 28.05.2016 ന് ആണ്. ആയതിനാൽ കരാറുകാരന് നൽകിയ 1,85,609/- രൂപയിൽ (ചെക്ക് നം-799663/12/2/16) നിന്നും പിഴ ഈടാക്കാതിരുന്നതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കാതെ തുക നൽകിയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-12 കാരുണ്യ ഭവന പദ്ധതി-സർക്കാരംഗീകാരമില്ലാതെ അധികപലിശ നിരക്കിൽ വായ്പ എടുത്തപദ്ധതിയ്ക്കു തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം – എസ് 0142/16
അടങ്കൽ – 2,10,00,000/- ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ
വികസനഫണ്ട് – 10,00.000/-
2,00,00,000/-
ചെലവ് – 20,00,000/- രൂപ. ബിൽ നം – 21/16-17/17.3.17

സർക്കാരംഗീകാരമില്ലാതെ അധിക പലിശനിരക്കിൽ വായ്പ എടുത്തു പഞ്ചായത്തു നടപ്പിലാക്കിയ ഭവന പദ്ധതിയുടെ വായ്പയടവിനായി 20,00,000/- രൂപ കാരശ്ശേരി സഹകരണബാങ്കിൽ ഒടുക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം പലിശ തനതുഫണ്ടിൽ നിന്നും മുതൽ വികസനഫണ്ടിൽ നിന്നും ആണ് അടയ്ക്കേണ്ടത്. മേൽ തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിയ്ക്കുള്ള മറുപടിയിൽ ജപ്തിനടപടി

ഒഴിവാക്കുന്നതിനാണ് തുക ഒടുക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ മേൽവിഷയം 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെതുടർന്ന് സർക്കാരിന്റെ പരിഗണനയിൽ ഇരിയ്ക്കുന്നതിനാലും, സർക്കാർ ഉത്തരവിനു വിരുദ്ധമായി പലിശ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചതിനാലും തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പത്രപ്പരസ്യം -ഡിസ്കൗണ്ട് അനുവദിച്ചില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതിതുപീകരണം,മോണിറ്ററിംഗ് പ്രോജക്റ്റിന്റെ ഭാഗമായി (87/16-17),(7/16-17)നല്കിയ പത്രപ്പരസ്യത്തിന്റെ ചാർജ്ജിനത്തിൽ താഴെപറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്റ്റ്നം – 7/17 പ്രോജക്റ്റ്നം -എസ്-0087/17

അടങ്കൽ-1,68,512/-(പ്ലാൻഫണ്ട്-68,512/-) അടങ്കൽ-1,00,000/-വി.ഫ.

-1,00,000/-തനതുഫണ്ട്

-2,00,000 /-

-1,00,000/-(മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് - 30,480/-31/16-17/31.3.2017

-53,268/-29/16-17/5.3.2017/-

| ക്രമ നം | പത്രപ്പരസ്യം | ബിൽനം,തീയതി | തുക | |
|---|---|---|---|---|
| I. | മാതൃഭൂമി ദിനപത്രം | 61012723/6.3.17 | 6816/- | |
| | " | 61013550/10.3.17- | 10,224/- | |
| II | മലയാള മനോരമ ദിനപത്രം | 216715456/5.3.2017 | 13,440/- | |
| III | മാതൃഭൂമി | 60997953/10.2.2017 | 6816/- | |
| | | 61008896/1.3.2017 | 6816/- | |
| | | 60969760/4.12.16 | 8320/-/- | |
| | | 60974997/27.12.16 | 6816/- | |
| | | 60997080/8.2.2017 | 6816/- | |
| | ദേശാഭിമാനി ദിനപത്രം | - | 4000/- | ബിൽ ഹാജരാക്കിയിട്ടില്ല. |

4.1.2011ലെജി.ഒ.(ആർ.ടി.)1/2011/പി.ആന്റ്.എ.ആർഡിയുടെ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക്എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങൾ പിആന്റ് ഏ.ആർഡി വകുപ്പ് മുഖേനയോ നേരിട്ടോ നല്കിയാലും 15% ഡിസ്കൗണ്ട് അനുവദിയ്ക്കണംഎന്ന് നിഷ്കർച്ചിട്ടുണ്ട്.എന്നാൽ ഇവിടെ പത്രപ്പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല.ഭാവിയിൽ പത്രപ്പരസ്യങ്ങൾക്ക് കിഴിവ് അനുവദിച്ചു കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-14 പെറ്റി വർക്കുകൾ -ഡി പി സി അംഗീകാരമില്ല

വൗച്ചർ നം -21600898/04.03.2017

2016-17 വർഷത്തെ പെറ്റിവർക്കുകൾ അടിയന്തിര റിപ്പയർ പ്രവൃത്തിയായി ചെയ്തതിനശേഷം പിന്നീട് ഡി.പി.സി.യുടെ

അംഗീകാരം വാങ്ങണമെന്ന സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും നിർദ്ദേശാനുസരണം 24 പെറ്റി വർക്കുകൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ 1,58,358/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ഫയൽ പ്രകാരം ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് മൂന്ന് കോൺട്രാക്ടർമാർക്ക് ആയി തുക നല്കിയതായി കാണുന്നു. അതിൽ ശ്രീ.ജേക്കബ്ബ് എം.സി, കരാറുകാരന് 92,692/- (ചെക്ക്നം-3093549/11.04.2017) 14പെറ്റിവർക്കുകളായി നല്കിയിട്ടുണ്ട്. മേൽ കരാറുകാരനുൾപ്പടെ നടത്തിയ വർക്കുകളുടെ എം.ബുക്ക്, വർക്കുബില്ലുകൾ എന്നിവ പൂർണ്ണമായും പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി.പി.സി. അംഗീകാരമില്ലാതെ നടത്തിയതനാലും പൂർണ്ണമായ ചെലവു രേഖകളില്ലാത്തതിനാലും 1,58,358/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-15 ടെണ്ടർ ചെയ്ത ഇനം വിതരണം ചെയ്തില്ല.

പ്രോജക്റ്റ് നം-എസ്0239/17
അടങ്കൽ -1,50,000/-മെയിന്റനൻസ് ഗ്രാന്റ്.
ചെലവ്-1,05,088/-ബിൽ നം-12/16-17/27.3.2017

` പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ എലിക്കാട് അംഗൻവാടി സ്മാർട്ട് ക്ലാസ്സ് റൂം ആക്കുന്നതിന് വേണ്ടി സർക്കാർ അംഗീകൃതകരാറുകാരിൽ നിന്നും ടെണ്ടർ സ്വീകരിച്ച് പ്രവൃത്തി നടത്തുന്നതിനു ലക്ഷ്യമിട്ട പദ്ധതിയാണിത്. ഐ സി ഡി എസ് സൂപ്പർ വൈസർ ആവശ്യപ്പെട്ടുകൊണ്ടു നടത്തിയ ടെണ്ടർ നടപടിക്രമത്തിൽ റിയ റിപ്രോഗ്രാഫിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം താഴെ പറയുന്ന കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ-1, യുപിഎസ് -1, കിഡ്സ് സോഫ്റ്റ് വെയർ -1,റാക്ക് -1എൽ സിഡി പ്രോജക്റ്റർ, വൈറ്റ് ബോർഡ് മൂന്നടിയുടെ അഡ്ജസ്റ്റബിൾ സീലിംഗ് പ്രോജക്റ്റർ മൗണ്ട് ഓഡിയോ സിസ്റ്റം, എന്നിവയാണ് ആവശ്യകതാ ലിസ്റ്റിൽ പറഞ്ഞിരുന്നത്. സ്ഥാപനം ക്വട്ടേഷനിൽ ക്വാട്ട് ചെയ്തതും ഇതേ ഇനത്തിനാണ് എങ്കിലും ബില്ലിൽ രണ്ടടിയുടെ സീലിംഗ് പ്രോജക്റ്റർ ആണ് മൂന്നടിയുടെ വിലയായ 7800/-രൂപ (ടാക്സ്, ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പടെ)ഈടാക്കി വിതരണം ചെയ്തിട്ടുള്ളത്. ആയതിന് അധികവില ഈടാക്കിയിട്ടുണ്ടെങ്കിൽ അത് സ്ഥാപനത്തിന്റെ പക്കൽനിന്നും ഈടാക്കുകയോ, അല്ലാത്തപക്ഷം ആവശ്യകതാലിസ്റ്റിലെ അളവിൽപ്പെട്ട ഉപകരണം മാറ്റിവാങ്ങേണ്ടതായിരുന്നു. മേൽപ്പറഞ്ഞ ഉപകരണങ്ങൾ, സ്റ്റോക്കിലെടുത്തതും, ഉപകരണങ്ങൾ സംബന്ധിച്ച ടെക്നിക്കൽ അസിസ്റ്റന്റിന്റെ പരിശോധനാ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ 7800/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം , രസീത് എന്നിവ ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്കു തുകകൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റു രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | അടങ്കൽ | ചെലവ് | ബിൽ നം | അഭിപ്രായക്കുറിപ്പ്. |
|---|---|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ മിഷൻ പ്രോജക്റ്റ്- | 1,94,532/- | 194,532/ | 19/16-17 /4.3.2017 | രസീതു, വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | ഐ.കെ.എം വിഹിതം.പ്രോജക്ട്-84/17 | 1,36,668/- | 1,11,668/- | 18/16-17 /4.3.2017 | " " |
| | ആകെ | | 3,06,200/- | | |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 10,59,072 | പാലിന് സബ്സിഡി | 10,50,000 | 9,072 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,00,000 | പോത്തുകുട്ടി വളർത്തൽ | - | 5,00,000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 78,900 | നെൽകൃഷി കൂലി ചെലവ് | - | 78,900 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം / ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനെർട്ട് | ടൈസം | 198 / 30.3.2009 | 5,00,000 | - | 5,00,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ നം / ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കെ. അബ്ബാസ് | മുപ്പതേക്ര അംഗനവാടി | 95 / 10-11 | 87,500 | - | 87,500 |

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാ.ധാ) 407/ 2010/ത.സ്വ.ഭ.വ തീയതി 5.2.2010 | ഇല്ല | 40,67,400 | 30,40,000 | - | 10,27,400 |
| കാരുണ്യ ഭവന പദ്ധതി | 83/2013 തീയതി 11.3.2013<br>7656/ഡി.ബി. /1/14/എൽ.എസ്.ജി.ഡി തീയതി 14.8.14 | 28,40,000 | 1,08,80,000 | 20,00,000 | - | 1,17,20,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,98,924/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-3 | 12,40,721 | ജോസഫ് തോമസ്, പടിഞ്ഞാറെ മേമന, പുതുപ്പാടി | 11504500014/15.10.2015,78-1 /15.12.2016, 78-2/15.12.16, 78-3/15.12.16, 78-10/16.12.16, 78-11/16.12.16, 78-14/19.12.16, 78-21/20.12.16, 78-22/20.12.16, 78-23/20.12.16, 78-24/20.12.16 ,78-25/20.12.16, 78-26/20.12.16, 78-28/20.12.16, ബുക്ക് നം 105 രശീതി 31 മുതൽ 41 വരെ തീയതി 27.3.2017 |
| 2015-16 | 2-8 | 57,000 | വി. ബഷീർ | 11604500031 തീയതി 27.2.2017 |
| 2015-16 | 2-13 | 1,203 | പി. അബ്ദുൾ കാദർ<br>പാർട്ട് ടൈം ലൈബ്രേറിയൻ | 11604107355 – 14.3.17, 11604107745 – 24.3.17 |
| | ആകെ | 12,98,924 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 2000-01, 2-29 | 2003-04 (പൊതു പരാമർശങ്ങൾ) | നികുതി പിരിവിൽ അലംഭാവം |
| 2000-01, 3-46 | | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,93,39,892 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,73,96,344 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,30,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,19,728 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,30,000 | ശ്രീ. പി. പി. രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,34,300 | ഡോ. കെ. വേണുഗോപാലൻ, മെഡിക്കൽ ഓഫീസർ |
| 3-5 | 2,40,925 | ഡോ. കെ. വേണുഗോപാലൻ, മെഡിക്കൽ ഓഫീസർ |
| 3-8 | 8,550 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |
| 3-9 | 9,800 | ശ്രീമതി. പി. രജനി, സെക്രട്ടറി |
| 3-10 | 8,750 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |
| 3-11 | 1,97,457 | ശ്രീ. സി. എസ്. സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 20,00,000 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |
| 3-14 | 1,58,358 | ശ്രീ. സി. എസ്. സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 7,800 | ശ്രീമതി. സി. വി. ശാന്തമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-16 | 3,06,200 | ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|

| | | |
|---|---|---|
| 3-3 | 2,11,369 | വാറ്റ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.പി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | പിലാവുള്ള പറമ്പിൽ വീട്, കൂത്താളി പി. ഒ, പേരാമ്പ്ര വഴി, കോഴിക്കോട് ജില്ല, പിൻ. 673525 |
| ഡോ.കെ. വേണുഗോപാലൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | കാപ്പിത്തോട്ടത്തിൽ വീട്, ഈങ്ങാപ്പുഴ |
| ശ്രീ. ബിബിൻ ജോസഫ്, സെക്രട്ടറി | സെക്രട്ടറി, പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | ഇടയപുരക്കൽ വീട്, പി.ഒ. തിരുവമ്പാടി |
| ശ്രീ. സി. എസ്. സുബീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | ശിൽപ, അടഞ്ഞാറ്റു മീത്തൽ, പി. ഒ. നെല്ലിക്കോട് |
| ശ്രീമതി. സി. വി. ശാന്തമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | മുണ്ടപ്പ്ലാക്കൽ വീട്, പി.ഒ. താമരശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്,കെ.കെ.ഡി.പി.1/1039 /11/10.8.2011 | 1 |
| 2002-03 | എൽ.എഫ്,കെ.കെ.ഡി.പി.1/1039 /11/10.8.2011 | 9 |
| 2003-04 | എൽ.എഫ്,കെ.കെ.ഡി.പി.1/1039 /11/10.8.2011 | 13 |
| 2004-05 | എൽ.എഫ്,കെ.കെ.ഡി.പി.1/1039 /11/10.8.2011 | 19 |
| 2005-06 | എൽ.എഫ്,കെ.കെ.ഡി.എസ്.2/948 /08/16.12.2008 | 23 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്,കെ.കെ.ഡി.എസ്.1/946 /09/7.10.2009 | 2 |
| 2007-08 | എൽ.എഫ്,കെ.കെ.ഡി.പി.1/1933 /11/(1)12.1.2012 | 33 |
| 2008-09 | എൽ.എഫ്,കെ.കെ.ഡി.എസ്.2/119 /11/13.7.2011 | 36 |
| 2009-10 | എൽ.എഫ്,കെ.കെ.ഡി.പി.1/943 /12/17.7.12 | 9 |
| 2010-11 | എൽ.എഫ്,കെ.കെ.ഡി.പി.1/944 /14/4.9.14 | 27 |
| 2011-12 2012-13 | എൽ.എഫ്,കെ.കെ.ഡി.പി.1/944 /15(11)/7.10.2015 | 32 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1/1407 /16/1.8.2016 | 25 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/2048 /16/14.12.2016 | 40 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി1/1471/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട് ജില്ല
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി.15-09-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിൻെറ 2016 –17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016 –17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

AUDIT CERTIFICATE

KSA.KKD- P1/1741/17

Kerala State Audit Department

District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date -15-09-2017.

Certified that I have audited the Annual Financial Statement of Puthuppady Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puthuppady Grama Panchayat for the year 2016-17 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,
District Audit Office, Kozhikode.